ഉത്തരം

(എ-ബി) ഉണ്ട്.

(സി) പരിസ്ഥിതി സൗഹൃദ കെട്ടിട നിർമ്മാണ രീതി അവലംബിച്ചിരുന്നതിന്റെ ഭാഗമായി FACT ഉല്പാദിപ്പിക്കുന്ന GFRG (ജിപ്സം ഫൈബർ റീ ഇൻഫോഴ്സ്ഡ് ഗ്ലാസ്) പാനലുകൾ ഉപയോഗിക്കുന്നുണ്ട്. ഇവ ആവശ്യാനുസരണമുള്ള അളവിൽ ലഭ്യമാകുന്നതിനാൽ കുറഞ്ഞസമയംകൊണ്ട് സാധാരണ കെട്ടിടങ്ങളുടെ ചിലവിനേക്കാൾ കുറഞ്ഞ ചിലവിൽ കെട്ടിടം പണിയുവാൻ സാധിക്കുന്നു. സാധാരണ കോൺക്രീറ്റ് ചുമരുകളെക്കാൾ ഉറപ്പും ഈടും ഈ പാനലുകൾക്ക് ഉണ്ട്.

കേരള സസ്റ്റയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ട്

96 (3380) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സസ്റ്റയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുക, വിപുലീകരിക്കുക, നഗരവാസികളുടെ ജീവനോപാധികൾ അഭിവൃദ്ധിപ്പെടുത്തുക, നഗരഭരണം ആസൂത്രണവും കാര്യക്ഷമവുമാക്കുക, അടിസ്ഥാന സൗകര്യങ്ങളുടേയും സേവനങ്ങളുടേയും സുസ്ഥിര പുരോഗതി ഉറപ്പുവരുത്തുന്നതിന് നഗരസഭകളുടെ സാമ്പത്തികശേഷി ശക്തിപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) പദ്ധതി വിശദമായി നിരീക്ഷിച്ച്, നടപടികൾ അപ്പപ്പോൾ സ്വീകരിക്കുന്നതിന് ഒരു ഉന്നതതല അധികാരസമിതി (Empowered Committee) നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ പദ്ധതി നഗരങ്ങളിലും മേയർമാരുടെ അദ്ധ്യക്ഷതയിൽ, നഗരതല നിയന്ത്രണസമിതികൾ (City Level Steering Committee) രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ അവലോകനത്തിനായി കേന്ദ്ര സർക്കാരിന്റെ ധനകാര്യ വിഭാഗവും, പദ്ധതി മേധാവിയും എ.ഡി.ബി.യും ഉൾപ്പെട്ട ത്രികക്ഷി അവലോകന സമ്മേളനം എല്ലാ മൂന്നുമാസത്തിലും നടത്തി വരുന്നു. (Tripartiate Portfolio Review Meeting) ഇതുകൂടാതെ, മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ സർക്കാർ തലത്തിലും, പ്രോജക്ട് ഡയറക്ടർ നിർവഹണ തലത്തിലും കാലാകാലങ്ങളിൽ അവലോകനം നടത്തിവരുന്നു.

ആർ.എ.ഐ. (രാജീവ് ആവാസ് യോജന)

97 (3381) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ആവാസ് യോജന പദ്ധതി കേരളത്തിലെ ഏതൊക്കെ കോർപ്പറേഷനുകളിൽ നടപ്പിലാക്കി തുടങ്ങി ;

(ബി) നഗരപ്രദേശത്തെ ദാരിദ്ര നിർമ്മാർജ്ജനത്തിനും ക്ഷേമത്തിനും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്, ഓരോന്നിന്റേയും ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, കൊച്ചി എന്നീ കോർപ്പറേഷനുകളിൽ നടപ്പിലാക്കി വരുന്നു.

(ബി) സംയോജിത പാർപ്പിട ചേരി വികസന പരിപാടി (IHSDP), നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ (BSUP), രാജീവ് ആവാസ് യോജന (RAY), രാജീവ് റിൻ യോജന(RRY), അർബൻ സ്റ്റാറ്റിസ്റ്റിക്സ് ഫോർ എച്ച്.ആർ. ആന്റ് അസ്സെസ്സ്മെന്റ്(USHA), സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന(SJSRY), നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ (NULM), ആശ്രയ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. IHSDP പദ്ധതി പ്രകാരം ആകെ 6874 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. BSUP പദ്ധതി പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിൽ ആകെ 7674 വീടുകളുടേയും, കൊച്ചി